പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.5063.

27.7.2015 -ൽ

മറുപടി നൽകേണ്ടിയിരുന്നത്

## ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങുന്ന നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.സി.പി.മുഹമ്മദ്.<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.പി.വിൻസെന്റ് | | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ കോളേജുകളിലെയും സ്കൂളുകളിലെയും ലൈബ്രറികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും വാങ്ങണമെന്ന് നിർദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ പല ഗ്രന്ഥങ്ങളും വാങ്ങാൻ നടപടി സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പും ഓരോ കൊല്ലവും വാങ്ങാൻ നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വാങ്ങുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടിയെടുക്കുമോ ? | (ബി) | പൊതു വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കാവശ്യമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനു വേണ്ടി 2014ൽ പുസ്തക സെലക്ഷൻ കമ്മിറ്റി ചേരുകയും പുസ്തകങ്ങൾ തെരഞ്ഞെടുക്കുകയുംചെയ്തിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള പുസ്തകങ്ങൾ വാങ്ങുവാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓരോ കൊല്ലവും വാങ്ങാൻ നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ